പങ്കെടുക്കാനുള്ള സാമാന്യ മര്യാദപോലും പ്രതിപക്ഷത്തു നിന്നുമുള്ള കോൺഗ്രസ് (ഐ) യുടെയോ മുസ്ലീം ലീഗിന്റെയോ അതുപോലുള്ള പാർട്ടിയിലേയോ എം. പി. മാർ തയ്യാറായില്ല എന്നുള്ള സത്യം ഈ സഭ അറിയേണ്ടതുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിന് ആവുന്നത്ര കാര്യങ്ങൾ ചെയ്യുന്നുണ്ട്, സമ്മർദ്ദങ്ങൾ ചെലുത്തുന്നുണ്ട്. അടിയന്തിരമായി അതിന് സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആ വിലയുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാഫെഡ് വഴി നാളികേരം ശേഖരിക്കാനുള്ള നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതിനാവശ്യമായ സമ്മർദ്ദങ്ങൾ വീണ്ടും ചെലുത്താൻ സംസ്ഥാന സർക്കാർ തയ്യാറാണ്. അതുപോലെതന്നെ കാർഷികോല്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം 180% ആയി ഉയർത്തണമെന്നുള്ള ആവശ്യം വീണ്ടും ഉന്നയിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. അത് ഉന്നയിക്കുന്നതോടൊപ്പം തന്നെ സംസ്ഥാന ഗവൺമെന്റിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കാർഷിക മേഖലയെ സഹായിക്കാനുള്ള ആത്മാർത്ഥമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : റൂൾ 304, ശ്രീ. പി. സി. ജോർജ്.

IV സബ്മിഷൻ

(1) സംസ്ഥാനത്തുണ്ടായ ഭൂചലനംമൂലം മുല്ലപ്പെരിയാർ അണക്കെട്ട് അപകട ഭീഷണിയിലാണെന്നത് സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ് : സർ, കഴിഞ്ഞ 12, 16 എന്നീ തീയതികളിലായി കേരളത്തിലെ 10 ജില്ലകളിൽ ജനങ്ങൾക്ക് ഭീതിയുണർത്തിക്കൊണ്ട് ഭൂചലനമുണ്ടായി എന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. ആ ഭൂചലനത്തിൽ കേന്ദ്ര ശാസ്ത്രജ്ഞൻമാരുടെ കാഴ്ചപ്പാടിൽ ഇന്ത്യയെ മൂന്നായി തിരിച്ചതിൽ ഒരു കാരണവശാലും ഭൂചലനമുണ്ടാകാൻ സാധ്യതയില്ലാത്ത പ്രദേശമായിട്ടാണ് കേരളത്തെ കണക്കാക്കിയിരിക്കുന്നത്. ശാസ്ത്രജ്ഞൻമാരുടെ ആ കാഴ്ചപ്പാടുകൾപോലും ശരിയല്ലെന്നു വരത്തക്ക രീതിയിലുള്ള ഒരു ഭൂചലനമാണ് 12-ാം തീയതി ഉണ്ടായത്.

മി. സ്പീക്കർ : അതിന്റെ കേന്ദ്രം പൈനാവ്-ഈ രാറ്റുപേട്ട ആണെന്നാണല്ലോ പറയുന്നത്.

ശ്രീ. പി. സി. ജോർജ് : അതാണ് ഞാൻ പറഞ്ഞുവരുന്നത്. 12-ാം തീയതി രാവിലെ നാലരയ്ക്കുണ്ടായ ഭൂചലനം സീസ്മോമീറ്ററിൽ 5 പോയിന്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലാത്തൂരിലുണ്ടായ ഭൂചലനം 6.5 പോയിന്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്രയും ശക്തിമത്തായ ഭൂചലനമുണ്ടായതുകൊണ്ട് പ്രത്യേകിച്ചും കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ജനങ്ങൾ ഭീതിയിലാണ്. നമ്മുടെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റെ നേതൃത്വത്തിൽ ഡാമിനെ കേന്ദ്രീകരിച്ചുകൊണ്ട് 12-ഓളം ഉപകരണങ്ങൾ അവർ സ്ഥാപിച്ചിട്ടുണ്ട്. അത് 1995-ലെ ഉപകരണങ്ങളാണ്. അതിലും കൂടുതൽ സൂക്ഷ്മതയുള്ള ഉപകരണങ്ങൾ ഇപ്പോൾ ഇന്ത്യയിൽ കിട്ടാനുണ്ട്. 12-ാം തീയതി രാവിലെയുണ്ടായ ഭൂചലനത്തിനുശേഷം 16-ാം തീയതി രാത്രിയിലും ഭൂചലനമുണ്ടായി. അത് സീസ്മോമീറ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് 2.87 ആണ്. അതിന്റെ അർത്ഥം 0.3 രേഖപ്പെടുത്തുന്നു എന്നുപറഞ്ഞാൽ അത് മീഡിയം ടൈപ്പ് ഭൂചലനമാണ്, അതും വളരെ അപകടകരമാണ്. 12-ാം തീയതിക്കും 16-ാം തീയതിക്കു മിടയിലായി ആറേഴു പ്രാവശ്യം കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ ചില ഭാഗങ്ങളിലും ഭൂചലനമുണ്ടായി. എന്റെ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട പഞ്ചായത്തിൽമാത്രം 200-ഓളം വീടുകൾക്ക് വിള്ളലുകളുണ്ടായിട്ടുണ്ട്. അതുപോലെ പാല നിയോജകമണ്ഡലത്തിലും, പുതുപ്പള്ളിയിലും, കാഞ്ഞിരപ്പള്ളിയിലും ഏകദേശം കോട്ടയം ജില്ലകളിൽ വ്യാപകമായിത്തന്നെ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം പത്തനംതിട്ട ജില്ലയിലും ഇടുക്കി ജില്ലയിലും ഇതുപോലെ വളരെ ശക്തിമത്തായ ഭൂചലനത്തിന്റെ പേരിൽ കെട്ടിടങ്ങൾക്ക് നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇവിടെ അവതരിപ്പിച്ച രണ്ട് അടിയന്തിര പ്രമേയങ്ങളേക്കാളും വലുതാണിത്. കോട്ടയം ഇടുക്കി ജില്ലകളിലെ ജനങ്ങൾ ഉറങ്ങാതിരിക്കുകയാണ്. വളരെ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടതിന്റെ ഫലമായി ഐ. എം. ജി.യുടെ സീനിയർ സയന്റിസ്റ്റ് ശ്രീ.ബി.എം.റാണായിയും സയന്റിസ്റ്റായ ശ്രീ. ജയപാലനും അവിടെ വരികയും ചില പഠനങ്ങൾ നടത്തി അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. എൻ. ജി. ആർ. ഐ. യുടെ (നാഷണൽ ജിയോ ഫിസിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്) ഡയറക്ടർ, ഇന്ന് ഇന്ത്യയിലുള്ള ഏറ്റവും വലിയ ശാസ്ത്രജ്ഞനായ റെസ്റ്റോഗി തന്നെ നേരിട്ട് കഴിഞ്ഞദിവസം വരികയുണ്ടായി. അദ്ദേഹം ഭയപ്പെടാനുള്ള കാര്യങ്ങൾ ഇല്ലെന്ന് പറയുന്നുണ്ടെങ്കിൽപ്പോലും കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിൽ വിശേഷിച്ച് 10 ജില്ലകളിൽ ഭൂചലനമുണ്ടായത് നിസ്സാരമായി നോക്കിക്കാണാൻ കഴിയില്ല. ആളുകൾ മുഴുവൻ രാത്രിസമയത്ത് വീടിനുപുറത്ത് മുറ്റത്തും എസ്റ്റേറ്റിലാണെങ്കിൽ റോഡ് സൈഡിൽ ടെന്റുകെട്ടിയും ഉറങ്ങാതെ കാത്തുനിൽക്കുന്ന ഒരു സാഹചര്യമാണ് നമ്മുടെ നാട്ടിലുള്ളത്. ഭൂമിക്കടിയിൽ 5 കിലോമീറ്ററിനും 10 കിലോമീറ്ററിനും ഇടയ്ക്കുണ്ടായ ഒരു പ്രകമ്പനമാണ് ഈ ഭൂചലനം സൃഷ്ടിച്ചത് എന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. അങ്ങനെ വരുമ്പോൾ ഇതിന്റെ ആരംഭം എന്നുപറയുന്നത്. പൈനാവിനും ഈരാറ്റുപേട്ടയ്ക്കും ഇടയിലുള്ള ഒരു സ്ഥലമാണെന്നാണ് ഈ ശാസ്ത്രജ്ഞൻമാരുടെ നിഗമനം. അതിന്റെ അർത്ഥം 30-ഓളം ഡാമുകളുള്ള ഇടുക്കിയുൾപ്പെടെയുള്ള മേഖലകളെ കേന്ദ്രീകരിച്ചാണ് ഭൂചലനത്തിന്റെ എപിസെന്റർ എന്നതുകൊണ്ട് വലിയ അപകടകരമായ നിലയിലേക്ക് കേരള സംസ്ഥാനം നീങ്ങുമോ എന്ന് ജനങ്ങൾ സംശയിക്കുന്നതിൽ കുറ്റപ്പെടുത്താൻ കഴിയില്ല. ഇന്നലേയും ഇന്നും അവതരിപ്പിച്ച അടിയന്തിരപ്രമേയത്തേക്കാളും

LIBRARY ARCHIVES Kerala Legislative Assembly

വലിയ കാര്യമാണിത്. ഈ എപിസെന്റർ പൈനാവിനും ഈരാറ്റുപേട്ടയ്ക്കു മിടയിലാണെന്ന് കണ്ടെത്തിയിരിക്കുന്നതിനാൽ കുറഞ്ഞത് മൂന്ന് സീസ്മിക് സ്റ്റേഷനെങ്കിലും അവിടെയുണ്ടാകണം, എങ്കിലേ ഇതിന്റെ റീഡിംഗ് കറക്ടായിട്ട് മനസ്സിലാക്കാനും എന്തെങ്കിലും പ്രികോഷൻസ് എടുക്കാനും നമുക്ക് കഴിയൂ എന്ന സത്യം മനസ്സിലാക്കണം. അതുകൊണ്ട് ഡാമുകളുടെ നിലനിൽപ്പുൾപ്പെടെ, ഭൗമാന്തര ഭാഗത്തെ മാറ്റങ്ങളെക്കുറിച്ചു വിശദമായി പഠനം നടത്താൻ സെന്റർ ഫോർ എർത്ത് സയൻസ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് , കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ റിസർച്ച് വിഭാഗം ഇവയെ ഏകോപിപ്പിച്ചുകൊണ്ട് ദേശീയ തലത്തിലെ ഗവേഷണ സ്ഥാപനമായ എൻ.ജി.ആർ.ഐ. ഇന്ത്യൻ മെട്രോളജിക്കൽ വകുപ്പ് എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വിദഗദ്ധ സംഘത്തെ തന്നെ എത്രയും വേഗം ഈ കാര്യങ്ങൾ പഠിക്കാനും ജനങ്ങളുടെ ഭീതിയകറ്റാനുമുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ഒരു കമ്മിറ്റി തന്നെ രൂപീകരിച്ചുകൊണ്ടു അന്വേഷണം ഏർപ്പെടുത്തണമെന്നാണ് എനിക്ക് വിനയത്തോടുകൂടി പറയാനുള്ളത്. ഭൂചലനമുണ്ടായതോടുകൂടി ജനങ്ങൾ ഭീതിയിലാണ്.

മി. സ്പീക്കർ : ഇന്ന് 30 സബ്മിഷൻ വരെയുണ്ട്. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് സംസാരിക്കണം. എത്രയും പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ് : അങ്ങയുടെ സന്മനസ്സിന് നന്ദി. ഈ ഗവൺമെന്റിന്റെ പ്രിയങ്കരനായ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അവിടെ കൃത്യസമയത്ത് വന്ന് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കളക്ടറുമായി ചർച്ച നടത്തുകയും ചെയ്തതിനുശേഷമാണ് അവിടത്തെ മനുഷ്യരുടെ ഭയം മാറിയത്. അതിന് അവിടത്തെ ജനങ്ങളുടെ പേരിൽ പരസ്യമായി നന്ദി രേഖപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 12-12-2000-ൽ സംസ്ഥാനത്തുണ്ടായ ഭൂചലനത്തെ സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയ ഉടൻ തന്നെ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ വിശദമായി പരിശോധിക്കുന്നതിന് ഇറിഗേഷൻ, ജിയോളജി എന്നീ വകുപ്പുകളിലെ എൻജിനീയർമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് പരിശോധന നടത്തി പ്രധാന അണക്കെട്ടിന്റെ ഇരുവശങ്ങളും രണ്ട് ഡ്രെയിനേജ് ഗ്യാലറിയും പരിശോധനയ്ക്കു വിധേയമാക്കി. അണക്കെട്ടിൽ ചില വിള്ളലുകളും നനവുകളും കാണുകയുണ്ടായി. ഇതു ഭൂചലനം കൊണ്ട് സംഭവിച്ചതാണോ എന്നറിയാൻ കൂടുതൽ പരിശോധന ആവശ്യമാണ്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ റിപ്പോർട്ട് കൂടി ലഭിക്കേണ്ടതുണ്ട്. ഭൂചലനത്തിന്റെ പശ്ചാത്തലത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ സാങ്കേതിക സമിതിയെ നിയോഗിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly